ഫോറസ്റ്റ് ഗാർഡുകളുടെ ഒഴിവുകൾ

56 (329)ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫോറസ്റ്റ് ഗാർഡുകളുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ തിരുവനന്തപുരം ജില്ലയിൽ എത്ര ഒഴിവുകളാണ് ഉള്ളത്;

(സി) ഈ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും നിലവിലുള്ള മുഴുവൻ ഒഴിവുകളും നികത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 298 ഒഴിവുകൾ നിലവിലുണ്ട്.

(ബി) അഞ്ച് ഒഴിവുകൾ.

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

കോന്നിയിലെ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിന്റെ പ്രവർത്തനം

57 (330)ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിലുള്ള ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സ് പഴയപടി നിലനിർത്തേണ്ട ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം ജനപ്രതിനിധികൾ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) കോന്നി ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താനും കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആവശ്യം ഉന്നയിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ആവശ്യം പരിശോധിച്ചുവരികയാണ്.

(സി) കോന്നി ഡിവിഷനിൽ ഫോറസ്റ്റ് സ്റ്റേഷനുകൾ നിലവിൽവന്ന സാഹചര്യത്തിൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സ് പ്രത്യേകമായി ആവശ്യമുണ്ടോ എന്നകാര്യം പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly